# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3838 — 15.03.2017 ലെ മറുപടിക്ക്

## കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിക്കൽ ആനുകൂല്യം

**ചോദ്യം**
ശ്രീ.എ.എം. ആരിഫ്

**ഉത്തരം**
ഡോ. ടി.എം.തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) 01.04.2006 ന മുൻപ് വിരമിച്ച കയർ തൊഴിലാളികൾക്ക് കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും വിരമിക്കൽ ആനുകൂല്യം നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. 01/04/2006 മുതൽ 31/03/2011 വരെ ക്ഷേമനിധിയിൽ നിന്നും വിരമിച്ച തൊഴിലാളികൾക്കാണ് വിരമിക്കൽ ആനുകൂല്യം നൽകിയിട്ടുളളത്. 01/04/2006 നു മുൻപും 31/03/2011 നു ശേഷവും ക്ഷേമനിധിയിൽ നിന്നും വിരമിച്ചിട്ടുളള 36200 തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകാനുണ്ട്. |
| ബി) വിരമിക്കൽ കാലയളവ് വരെ അംശദായ സംഖ്യ അടച്ചിട്ടുള്ള ഈ തൊഴിലാളികൾക്ക് വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി) 01/04/2006 ന് മുൻപ് വിരമിച്ച 16100 തൊഴിലാളികളും 31/03/2011 നു ശേഷം വിരമിച്ച 20100 തൊഴിലാളികളും ഉൾപ്പെടെ 36200 പേർക്കു വിരമിക്കൽ ആനുകൂല്യം നൽകുന്നതിനായി 20.46 കോടി രൂപ അനുവദിക്കുന്നതിനുളള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. 201718 ബജറ്റിൽ കയർ തൊഴിലാളികൾക്കടക്കം വിരമിക്കൽ ആനുകൂല്യം ലഭ്യമാക്കുന്നതിന് പ്രത്യേകം വകയിരുത്തൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ